**‘CORRUPTION, A CRIME AGAINST NATION’**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393

തീയതി:09.03.2019

# സംസ്ഥാനത്തുടനീളമുള്ള ഹൈവേ പോലീസ് വാഹനങ്ങളിൽ വിജിലൻസിന്റ മിന്നൽ പരിശോധന: വ്യാപക ക്രമക്കേടുകൾ കണ്ടെത്തി

സംസ്ഥാനത്തെ ഹൈവേ പോലീസ് വാഹനങ്ങളിലെ ഉദ്യോഗസ്ഥർ രാത്രി കാലങ്ങളിൽ ഭാരം കയറ്റി വരുന്ന വാഹനങ്ങളെ തടഞ്ഞ് നിർത്തി പണപ്പിരിവ് നടത്തി വരുന്നതായി വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇന്ന് (09-03-2019)പുലർച്ചെ 2 മണിമുതൽ സംസ്ഥാനത്തൊട്ടാകെയുള്ള 47 ഹൈവേ പോലീസ് വാഹനങ്ങളിലും വിജിലൻസ് മിന്നൽ പരിശോധന നടത്തി.

ഇന്ന് നടന്ന പരിശോധനയിൽ നിരവധി ഹൈവേ വാഹനങ്ങളിൽ നിന്നും കണക്കിൽ പെടാത്ത പണവും ചില ഹൈവേ പെട്രോൾ വാഹനങ്ങളിലെ ഉദ്യോഗസ്ഥർ ഹൈവേയിൽ നിന്നും ഇട റോഡുകളിലേക്ക് വാഹനങ്ങൾ മാറ്റിയിട്ട് ഉറങ്ങുന്നതായും വിജിലൻസ് കണ്ടെത്തി. കൂടാതെ ചില വാഹനങ്ങളിൽ നിന്നും ഡ്രൈവറന്മാരുടെ ഡ്രൈവിംഗ് ലൈസൻസ് ,ആധാർ കാർഡ് തുടങ്ങിയവയും പിടിച്ചെടുത്തു.

മലപ്പുറം - വഴിക്കടവ് റൂട്ടിൽ പെട്രോളിംഗ് നടത്തി വരുന്ന 12 ആം നമ്പർ ഹൈവേ പോലീസ് വാഹനത്തിൽ നിന്നും 4222 /-രൂപയും, ആലപ്പുഴ -ഓച്ചിറ റൂട്ടിൽ ഹൈവേ പെട്രോളിംഗ് നടത്തി വന്ന 33 ആം നമ്പർ വാഹനത്തിൽ നിന്നും 2500 /-രൂപ സിഗററ്റ് പാക്കറ്റിൽ ഒളിപ്പിച്ച നിലയിലും, തിരുവല്ല -വടശ്ശേരിക്കര റൂട്ടിൽ പെട്രോളിംഗ് നടത്തി വന്ന 31 ആം നമ്പർ വാഹനത്തിൽ നിന്നും 2000/- രൂപയും , പത്തനംതിട്ട പെട്രോളിംഗ് നടത്തി വന്ന 31 ആം നമ്പർ വാഹനത്തിൽ നിന്നും 2000 /- രൂപ വാഹനത്തിന്റെ ഫ്ലോർ മാറ്റിനടിയിൽ ഒളിപ്പിച്ച നിലയിലും , തട്ടത്തുമല പെട്രോളിംഗ് നടത്തി വന്ന 37 ആം നമ്പർ വാഹനത്തിൽ നിന്നും 900/- രൂപയും , കൊല്ലം ജില്ലയിലെ തെന്മല ഭാഗത്ത് പെട്രോളിംഗ് നടത്തി വന്ന 36 ആം നമ്പർ വാഹനത്തിൽ നിന്നും 900 /- രൂപയും , അങ്കമാലി- കൂത്താട്ടുകുളം റൂട്ടിൽ പെട്രോളിംഗ് നടത്തി വന്ന 25 ആം നമ്പർ വാഹനത്തിൽ നിന്നും 800/- രൂപയും , കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഭാഗത്ത് പെട്രോളിംഗ് നടത്തിയ 28 ആം നമ്പർ വാഹനത്തിൽ നിന്നും 310 /- രൂപയും, വയനാട്- ബത്തേരിയിൽ 6 ആം നമ്പർ വാഹനത്തിൽ നിന്നും 100 /-രൂപയും ഉൾപ്പെടെ 14000/- രൂപയോളം വിജിലൻസ് കണ്ടെത്തി.

കരുനാഗപ്പള്ളി- പുതുകാവ് റൂട്ടിൽ പെട്രോളിംഗ് നടത്തി വന്ന 34 ആം വാഹനത്തിലേയും,തിരുവനന്തപുരം കഴക്കൂട്ടം വെട്ടുറോഡ് ഭാഗത്തെ 39 ആം നമ്പർ വാഹനത്തിലേയും ,കോഴിക്കോട് കൊയിലാണ്ടി ഭാഗത്തെ 7 ആം നമ്പർ വാഹനത്തിലേയും ,മലപ്പുറം കൊണ്ടോട്ടി ഭാഗത്തെ 11 ആം നമ്പർ വാഹനത്തിലേയും മുഴുവൻ ഉദ്യോഗസ്ഥരും അവരുടെ റൂട്ടുകളിൽ നിന്നും മാറ്റി ഇട റോഡുകളിലേക്ക് വാഹനം പാർക്ക് ചെയ്ത് ഉറങ്ങുന്നതായും വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തി.

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ഭാഗത്ത് പെട്രോളിംഗ് നടത്തി വന്ന 40 ആം നമ്പർ ഹൈവേ പെട്രോൾ വാഹനത്തിന്റെ ഡ്രൈവർ, വിജിലൻസ് സംഘത്തെ കണ്ടയുടൻ വാഹനത്തിൽ കൂടെയുണ്ടായിരുന്ന എസ്.ഐയെയും സംഘത്തെയും ഉപേക്ഷിച്ച് അപകടകരമായ വേഗത്തിൽ വാഹനവുമായി കടന്നുകളയുകയും പിന്നീട് വിജിലൻസ് സംഘം വിളിച്ച് വരുത്തി വാഹനം പരിശോധിച്ചപ്പോൾ വാഹനത്തിൽ നിന്നും മുഴുവൻ തുകയും മാറ്റപ്പെട്ടതായും വിജിലൻസ് കണ്ടെത്തി.

അത്യാവശ്യ ഘട്ടങ്ങളിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ഉപയോഗിക്കേണ്ട സ്ട്രക്ചറുകൾ, ,കുടകൾ, കയർ, ഹെൽമെറ്റ് തുടങ്ങിയ അവശ്യ സാധനങ്ങൾ പല ഹൈവേ പെട്രോളിംഗ് വാഹനങ്ങളിലും സൂക്ഷിക്കുന്നില്ലായെന്നും വിജിലൻസ് കണ്ടെത്തി.

ഉദ്യോഗസ്ഥർ ഡ്യൂട്ടിക്കായി പ്രവേശിക്കുന്ന സമയം അവരുടെ പക്കലുള്ള തുകകൾ രേഖപ്പെടുത്തേണ്ട cash declaration register ൽ യഥാർത്ഥ തുകയെക്കാൾ കൈക്കൂലിയായി ഡ്രൈവര് മാരില് നിന്നും വാങ്ങുന്ന തുകക്ക് ആനുപാതികമായി കൂടുതൽ എഴുതുന്നതായും വിജിലൻസ് കണ്ടെത്തി.

തൃശൂർ ജില്ലയിലെ വടക്കാഞ്ചേരിയില് പട്രോള് നടത്തുന്ന 22 ആം നമ്പര് വാഹനത്തിലെ ഡ്യൂട്ടി ഓഫീസറായ സബ് ഇൻസ്പെക്ടറെ മദ്യപിച്ച നിലയിലും വിജിലൻസ് കണ്ടെത്തി. കൂടാതെ തൃശൂർ ജില്ലയിലെ കുളത്തൂര് മേഖലയില് പട്രോള് നടത്തുന്ന 18 ആം നമ്പര് ഹൈവേ പട്രോള് വാഹനത്തില് നിന്നും അനധികൃതമായി സൂക്ഷിച്ച 4 ഡ്രൈവിംഗ് ലൈസന്സുകളും ഒരു അധാർ കാർഡുകളും വിജിലൻസ് കണ്ടെത്തി.

ഇന്നു വെളുപ്പിന് ആരംഭിച്ച പരിശോധന പുലരുവോളം നീണ്ടു നിന്നു. സംസ്ഥാനത്തെ മുഴുവൻ വിജിലൻസ് യൂണിറ്റുകളും ഇന്നു നടന്ന മിന്നല് പരിസോധനയിൽ പങ്കെടുത്തു. മിന്നൽ പരിശോധനയില് കണ്ടെത്തിയ ക്രമക്കേടുകളെ പറ്റി വിശദമായ റിപ്പോർട്ട് സർക്കാരിനു കൈമാറുമെന്ന് വിജിലൻസ് എ ഡി ജി പി ശ്രീ അനിൽ കാന്ത് IPS അറിയിച്ചു.